# File No.PWD-E3/292/2020-PWD

1/2

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

നം.ഇ3/292/2020/പൊമവ
പൊതുമരാമത്ത്(ഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19/01/2021

### സർക്കുലർ

വിഷയം:- പൊതുമരാമത്ത് വകുപ്പ് - കോവിഡ് 19 - വിശ്രമ മന്ദിരങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 18.03.2020 ലെ ഇതേ നമ്പർ സർക്കുലർ
2. 06.11.2020 ലെ ഇതേ നമ്പർ സർക്കുലർ

**********************

സംസ്ഥാനത്ത് കോവിഡ് - 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സൂചന (1) പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള വിശ്രമ മന്ദിരങ്ങളിൽ താമസസൗകര്യം അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. സൂചന (2) പ്രകാരം വിശ്രമ മന്ദിരങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കായി തുറന്ന് പ്രവർത്തിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതാണ്. കോവിഡ് - 19 അൺലോക്ക് മാർഗ്ഗനിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിൽ നിലവിലുള്ള നിയന്ത്രണങ്ങൾ പിൻവലിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നതിനും ഭക്ഷണശാലകൾ തുറന്നു പ്രവർത്തിക്കുന്നതിനും ഇതിനാൽ അനുമതി നല്കുന്നു:

**<u>വിശ്രമ മന്ദിരങ്ങൾ</u>**

1) പൊതുമരാമത്ത് വകുപ്പ് വിശ്രമമന്ദിരവും, പരിസരവും കൃത്യമായ ഇടവേളകളിൽ അണുനശീകരണം നടത്തേണ്ടതും, ജീവനക്കാർ ഇടവേളകളിൽ കൈകൾ സാനിറ്റൈസർ ഉപയോഗിച്ചോ, സോപ്പ് ഉപയോഗിച്ച് കഴുകിയോ ശുചിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സാനിറ്റൈസേഷൻ/കൈ കഴുകൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

2) എല്ലാ ജീവനക്കാരും നിർബന്ധമായും മാസ്ക് ധരിക്കുന്നുണ്ടെന്നും വരുന്ന അതിഥികൾ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണ്.

3) അതിഥികൾ പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിൽ പ്രവേശിക്കുമ്പോൾ തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ച് അനുവദനീയമായ പരിധിക്കുള്ളിൽ ആണെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതും, അതിഥികൾ കൈകൾ സാനിറ്റൈസർ,/സോപ്പ് ഉപയോഗിച്ച് ശുചിയാക്കുന്നതിനായി പ്രവേശന കവാടങ്ങളിൽ ആയവ സൂക്ഷിക്കേണ്ടതുമാണ്. അതിഥികൾ check out ചെയ്യുമ്പോൾ മുറിയും, ശുചിമുറിയും അണുനശീകരണം നടത്തി കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് വൃത്തിയാക്കേണ്ടതാണ്. Check in ചെയ്തതിനുശേഷം വിശ്രമ മന്ദിരങ്ങളിൽ നിന്ന് അതിഥികൾ പുറത്തിറങ്ങി തിരിച്ച് വരുമ്പോഴും പ്രവേശനകവാടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സാനിറ്റൈസർ/സോപ്പ് ഉപയോഗിച്ച് കൈകൾ ശുചിയാക്കുന്നുണ്ടെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4) പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിൽ ലിഫ്റ്റുകൾ ഉപയോഗിക്കുന്ന അതിഥികൾക്ക് സാമൂഹിക

4/2

അകലം ഉറപ്പ് വരുത്തുന്നതിന് ലിഫ്റ്റുകളിൽ അനുവദനീയമായ ആളുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച് ലിഫ്റ്റിന് പുറത്ത് ഇതു സംബന്ധിച്ച അറിയിപ്പ് പ്രദർശിപ്പിക്കേണ്ടതും, ആയത് പാലിക്കുന്നുണ്ടെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

5) പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിൽ മുറികൾ ഉറപ്പുവരുത്തുന്ന ആർക്കെങ്കിലും അവിടെ വച്ച് കോവിഡ് -19 സ്ഥിരീകരിക്കുകയാണെങ്കിൽ രോഗിയുമായി സമ്പർക്കം പുലർത്തിയവർ നിരീക്ഷണത്തിൽ പോകേണ്ടതും, പ്രസ്തുത വിശ്രമ മന്ദിരവും, പരിസരവും ബന്ധവസ്സിൽ ആക്കേണ്ടതും, കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരമുള്ള അണുനശീകരണ പ്രക്രിയകൾക്ക് ശേഷം മാത്രം തുറന്ന് പ്രവർത്തിക്കേണ്ടതുമാണ്.

6) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ മുൻകൂർ ബുക്കിംഗ് അനുമതി ഉള്ളവർക്ക് മാത്രമേ മുറി അനുവദിക്കാൻ പാടുള്ളൂ.

7) പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിൽ മുറികൾ ഉറപ്പുവരുത്തുന്ന അതിഥികൾ മൂന്ന് ദിവസത്തിനകമുള്ള കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8) കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട 'ബ്രേക്ക് ദ ചെയിൻ' പരിപാടിയുടെ നടപടി ക്രമങ്ങൾ എല്ലാ പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിലും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

**ഭക്ഷണശാലകൾ**

1) ഭക്ഷണശാലകൾക്കുള്ളിൽ തിരക്ക് കുറയ്ക്കുന്നതിന് കോവിഡ് മാനദണ്ഡം അനുസരിച്ച് ഇരിപ്പിടങ്ങൾ ക്രമീകരിക്കുക.

2) ഭക്ഷണശാലയിലെ ജീവനക്കാർ മാസ്കും, കൈയുറകളും ഉപയോഗിക്കുക.

3) ഭക്ഷണശാലയിലെ ക്യാന്റീനുകളിൽ തിരക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4) ഭക്ഷണശാലകളിൽ ഡിസ്പോസിബിൾ പ്ലേറ്റും കപ്പും ഉപയോഗിക്കുക.

5) ഭക്ഷണം കഴിച്ചു കഴിഞ്ഞ് അവരവർ തന്നെ ഡിസ്പോസിബിൾ പ്ലേറ്റും കപ്പും വേസ്റ്റ് ബോക്സിൽ ഇടുന്നതിനുള്ള നിർദ്ദേശങ്ങൾ അധികൃതർ ഭക്ഷണശാലയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

സർക്കാർ ആഫീസുകളിലും മറ്റ് തൊഴിലിടങ്ങളിലും ജോലിക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥരും ഭക്ഷണശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരും പാലിക്കേണ്ട കോവിഡ്-19 തൊഴിൽ സ്ഥല നടപടിക്രമങ്ങളെ സംബന്ധിച്ച് സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരങ്ങളിലെ ജീവനക്കാർ കർശനമായും പാലിക്കേണ്ടതാണ്.

J UNNIKRISHNAN
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by PRIYA CYRIL
Date: 2021.01.20 12:16:29 IST
Reason: Approved
സെക്ഷൻ ഓഫീസർ.

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
ചീഫ് എഞ്ചിനീയർ(കെട്ടിടം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ /ഓഫീസ് കോപ്പി